"ഭരണഭാഷ-മാതൃഭാഷ"

No.DWCD/5498/2023-ICDSB2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 30-09-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് - സ്വച്ഛത ദിവസ് –ആചരിക്കുന്നത് – നിർദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്

സൂചന:- കേന്ദ്ര സർക്കാരിന്റെ 29/09/2023 തീയതിയിലെ Virtual conference മീറ്റിംഗിലൂടെ നൽകിയ നിർദേശം

രാജ്യത്തുടനീളം 2023 ഒക്ടോബർ 1,2 തീയതികളിൽ വമ്പിച്ച ശുചീകരണ യജ്ഞം നടത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട് . " സ്വച്ഛത ദിവസായി" ആചരിക്കുന്ന ടി ദിവസങ്ങളിൽ സ്വീകരിക്കേണ്ടതായ നടപടികൾ 29/09/2023 തീയതിയിൽ MoWCD നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ Swechata Hi Sewa പോർട്ടലിൽ വകുപ്പ് അപ്‌ലോഡ് ചെയ്ത event കളുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ് .

1. ഓരോ പ്രോജക്ടിലും കുറഞ്ഞത് 1 ഇവന്റെങ്കിലും സംഘടിപ്പിക്കേണ്ടതും . ടി ഇവന്റിന്റെ ഉയർന്ന നിലവാരമുള്ള ഫോട്ടോകൾ (ശുചിയാക്കുന്നതിനു മുൻപും ശേഷവുമുള്ളവ) എടുത്തു **https://swachhatahiseva.com/** എന്ന പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ് .
2. ശുചീകരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതും പങ്കെടുത്തവരുടെ എണ്ണം **https://swachhatahiseva.com/** പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.
3. ശുചിയാക്കിയ സ്ഥലത്തിന്റെ area /യൂണിറ്റുകളുടെ എണ്ണം സംബന്ധിച്ച വിവരം പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ് .
4. ശുചിത്വ പരിപാടിയിൽ വിശിഷ്ട വ്യക്തികൾ, ജനപ്രതിനിധികൾ ,സന്നദ്ധ സംഘടനകൾ, പ്രാദേശിക സ്വാധീനമുള്ളവർ, ഉദ്യോഗസ്ഥർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതും പങ്കെടുത്ത വിശിഷ്ട വ്യക്തികളുടെയും, സംഘടനകളുടെയും പങ്കാളിത്തം ഉണ്ടായിട്ടുണ്ടെങ്കിൽ അവരുടെ വിവരം പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ് .
5. ടി വിവരങ്ങൾ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനോടൊപ്പം **mwcdanganwadi@gmail.com** എന്ന മെയിൽ ഐഡിയിലും ലഭ്യമാക്കേണ്ടതാണ്

6. ഒക്ടോബർ ഒന്ന് രാവിലെ പത്ത് മണിക്ക് ആരംഭിക്കുന്ന ഇവന്റിന്റെ ദൈർഘ്യം കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ആയിരിക്കണം . Event മായി ബന്ധപ്പെട്ട post photos/videos 11 am നു പോർ ട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ് . അപ്‌ലോഡ് ചെയ്യാനുള്ള സമയപരിധി ഉച്ചയ്ക്ക് 12 മണിക്ക് അവസാനിക്കുന്നതാണ്. .ആയതിനാൽ വീഡിയോ അപ് ലോഡ് ചെയ്യുന്നതിൽ സമയക്ലിപ്തത പാലിക്കേണ്ടതാണ് .

മേൽ പറഞ്ഞ നിർദേശങ്ങൾ പാലിക്കുന്നതിനും സ്വച്ഛത ഡ്രൈവ് വിജയമാക്കുന്നതിനുമുള്ള നിർദേശങ്ങൾ പ്രോഗ്രാം ഓഫീസർമാർ നൽകേണ്ടതാണ്

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി